അവകാശം പരിശോധിച്ച് നിജസ്ഥിതി ബോദ്ധ്യപ്പെട്ട് ക്ഷമതയുള്ള ഉദ്യോഗസ്ഥനായ ബന്ധപ്പെട്ട തഹസീൽദാർ സാക്ഷ്യപത്രം നൽകിവരുന്നു.

(സി) മിശ്രവിവാഹിതരിൽ ഒരാൾ പട്ടികജാതിയിൽപ്പെടുന്ന വ്യക്തിയാണെങ്കിൽ അവകാശപ്പെടുന്ന സമുദായത്തിനോടുള്ള ആഭിമുഖ്യം, ആചാരമര്യാദകൾ പാലിക്കപ്പെടുന്ന സാഹചര്യങ്ങളും മറ്റും പരിശോധിച്ച് അവരുടെ കുട്ടികൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ സർട്ടിഫിക്കറ്റ് നൽകിവരുന്നു. 20-11-2008-ലെ സ.ഉ.(എംഎസ്.)109/2008/പജ.പവ.വി.വ ഉത്തരവിലെ മാർഗ്ഗനിർദ്ദേശങ്ങളനുസരിച്ചാണ് സർട്ടിഫിക്കറ്റ് നൽകിവരുന്നത്. കിർത്താഡ്സിൽനിന്നും ഇക്കാര്യത്തിൽ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടില്ല.

(ഡി) ഉണ്ട്, കേരള ഹൈക്കോടതിയുടെ 10-8-2005-ലെ വിധിന്യായം (ഇന്ദിര Vs. സ്റ്റേറ്റ് ഓഫ് കേരള) പകർപ്പ് അനുബന്ധമായി ചേർക്കുന്നു.* മിശ്രവിവാഹ ദമ്പതികളുടെ കുട്ടികളുടെ പട്ടികജാതി/പട്ടികവർഗ്ഗ അവകാശവാദവുമായി ബന്ധപ്പെട്ട വിഷയം വകുപ്പിൽ സമഗ്രമായി പരിശോധിച്ചുവരുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടിതയുടെ 18-1-2012-ലെ, രമേഷ്ഭായി ദബായി നായിക Vs. സ്റ്റേറ്റ് ഓഫ് ഗുജറാത്ത് കേസ്സിലെ, (C.A. No. 654/2012) വിധിന്യായ പ്രകാരമാണ് ഇപ്പോൾ മിശ്രവിവാഹിതരുടെ മക്കൾക്ക് സമുദായ സാക്ഷ്യപത്രം അനുവദിച്ചുവരുന്നത്.

പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനായി ധനസഹായം

176 (8236) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. ഡൊമിനിക് പ്രസന്റേഷൻ :
ശ്രീ. സി. പി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്നതിനായി മുൻ സർക്കാരിന്റെ കാലത്ത് എത്ര രൂപയാണ് ധനസഹായം നൽകിയിരുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) നിലവിൽ നൽകിവരുന്ന തുക അപര്യാപ്തമാണെങ്കിൽ എത്ര രൂപ വർദ്ധിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത് ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മുൻ സർക്കാരിന്റെകാലത്ത് ഭൂമി വാങ്ങുന്നതിനായി നൽകിവന്നിരുന്ന ധനസഹായത്തിന്റെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	പഞ്ചായത്ത്	മുനിസിപ്പാലിറ്റി	കോർപ്പറേഷൻ
2006-07	25,000	27,500	30,000
2007-08	45,000	50,000	60,000
2008-09	45,000	50,000	60,000
2009-10	75,000	90,000	1,00,000
2010-11	75,000	90,000	1,00,000

(ബി) ഭൂമിയുടെ വിലക്കയറ്റം കണക്കിലെടുത്ത് ഭൂമി വാങ്ങുന്നതിന് നൽകുന്ന ധനസഹായം ഗ്രാമപഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപ്പറേഷനുകളിലും യഥാക്രമം 1.50 ലക്ഷം രൂപ, 1.75 ലക്ഷം രൂപ, 2 ലക്ഷം രൂപ എന്നിങ്ങനെ വർദ്ധിപ്പിക്കുകയുണ്ടായി. തുടർന്ന്, മുനിസിപ്പാലിറ്റികളിൽ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായം 1.75 ലക്ഷത്തിൽനിന്ന് 2 ലക്ഷമായും കോർപ്പറേഷനുകളിൽ 2 ലക്ഷം രൂപയിൽനിന്ന് 3 ലക്ഷമായും 2013 സെപ്റ്റംബറിൽ വർദ്ധിപ്പിച്ചിട്ടുണ്ട്.

ഭൂരഹിത പുനരധിവാസ പദ്ധതി പ്രകാരമുള്ള ധനസഹായം വീണ്ടും വർദ്ധിപ്പിക്കുന്ന വിഷയം പരിഗണനയിലാണ്.

ഭൂരഹിത-ഭവനരഹിത പദ്ധതി

177 (8237) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി-പിന്നോക്കസമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി പറയുമോ :

(എ) ഭൂരഹിത-ഭവനരഹിത പദ്ധതി പ്രകാരം ഈ സർക്കാർ പട്ടികജാതിക്കാരായ എത്ര ആളുകൾക്ക് വീട് നിർമ്മിക്കുന്നതിന് ഭൂമി നൽകിയിട്ടുണ്ട് ;